പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3106 | 13.03.2017 ൽ മറുപടിയ്ക്ക്

തേങ്ങാ സംഭരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എം. ആരിഫ് | | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷി ഭവൻ വഴി കേരഫെഡ്/നാഫെഡ് നടത്തിവന്നിരുന്ന തേങ്ങാ സംഭരണം നിർത്തിവച്ചത് എന്ന് മുതലാണ്; നിർത്താനുണ്ടായ കാരണം വിശദമാക്കാമോ; | (എ), (ബി) | പൊതു വിപണിയിൽ നാളികേര വില വളരെ താഴ്ന്ന സാഹചര്യത്തിൽ നാളികേര കർഷകരെ സഹായിക്കുന്നതിനായി ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് പച്ചത്തേങ്ങാ സംസ്ഥാനത്തെ 388 കൃഷി ഭവൻ മുഖേന സംഭരിക്കുകയുണ്ടായി. നിലവിൽ നാളികേരത്തിന്റെ കമ്പോള വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിലാണ് സംഭരണം നിർത്തിവച്ചിരിക്കുന്നത്. |
| ബി) കേര കർഷകർ ഉല്പാദിപ്പിക്കുന്ന തേങ്ങ സംഭരിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എന്തു വിലവെച്ചാണ് തേങ്ങ എടുക്കുന്നത് എന്ന് വ്യക്തമാക്കാമോ; തേങ്ങയുടെ വില കർഷകർക്ക് ഉടൻതന്നെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | & (സി) | വിപണി ഇടപെടൽ ആവശ്യമാവുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങാ സംഭരണം ശക്തിപ്പെടുത്തുന്നതു സംബന്ധിച്ച് കൂടിയാലോചന നടത്തുകയും സംഭരണം ഊർജ്ജിതപ്പെടുത്തുന്നതും, കാര്യക്ഷമമാക്കുന്നതും, വിപുലീകരിക്കുന്നതും സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| സി) കൃഷി ഭവൻ വഴി തേങ്ങാ സംഭരണം പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ